ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu,
Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/BP/CIR/2.2025 February 15, 2025

# പാരിഷ് കൗൺസിലുകളുടെ കാലാവധി ഏകീകരണവർഷം: 2026

പ്രിയപ്പെട്ട വൈദികരേ, സിസ്റ്റേഴ്സ്, ഇടവക ജനമേ,

കഴിഞ്ഞ വർഷം പരിശുദ്ധ പിതാവിന്റെ നേതൃത്വത്തിൽ നടന്ന സിനഡിന്റെ ഒരു പ്രധാനമായ പ്രമേയം ആത്മായരുടെ ശാക്തീകരണവും ഇടവക ശുശ്രൂഷകളിൽ പങ്കാളികളാകുവാൻ അവരെ വേണ്ട വിധത്തിൽ സജ്ജരാക്കുക എന്നതുമായിരുന്നു. മാമ്മോദീസ സ്വീകരിച്ച എല്ലാവർക്കും തങ്ങളുടേതായ രീതിയിൽ ക്രിസ്തുവിനെ പ്രഘോഷിക്കുവാൻ ഉത്തരവാദിത്വമുണ്ട്.

പാരീഷ് കൗൺസിലുകൾ ഒരു ജുഡീഷ്യൽ ബോഡിയാണെന്ന് നമുക്കറിയാം. ഇടവകയുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്കും സർവ്വോന്മുഖമായ വളർച്ചയ്ക്കും പാരിഷ് കൗൺസിലുകൾക്ക് വലിയ ഉത്തരവാദിത്വം വഹിക്കാൻ കഴിയും. അതുകൊണ്ടുതന്നെ കൃത്യമായ ഇടവേളകളിൽ കൗൺസിൽ അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകേണ്ടതുണ്ട്.

നമ്മുടെ ഇടവകകളിൽ വ്യത്യസ്ത വർഷങ്ങളിലായാണ് ഇപ്പോൾ പുതിയ കൗൺസിലുകൾ തിരഞ്ഞെടുക്കപ്പെടുന്നത്. ഈ വർഷം നമ്മുടെ നിയമസംഹിത പ്രസിദ്ധീകരിക്കുന്നതിനാൽ, ഈ വർഷം അറിയിപ്പ് നൽകി, അടുത്ത വർഷം മുതൽ ഇക്കാര്യത്തിൽ ഒരു ഏകീകരണം കൊണ്ടുവരണമെന്ന് ആഗ്രഹിക്കുന്നു. അതിനായി താഴെ പറയുന്നവ ദയവായി ശ്രദ്ധിക്കുക.

1. ഇടവകയുടെ പാരിഷ് കൗൺസിൽ 2024 ലാണ് തിരഞ്ഞെടുക്കപ്പെട്ടതെങ്കിൽ 2026 ൽ തിരഞ്ഞെടുപ്പ് നടക്കുമ്പോൾ രണ്ടു വർഷം കഴിയുന്നതുകൊണ്ട്, പുതിയ സംവിധാനത്തിൽ അവർക്ക് ഒരു മാറ്റവും ഇല്ല.

2. എന്നാൽ ഈ വർഷമാണ് പാരിഷ് കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പ് നടന്നതെങ്കിൽ അവരുടെ കൗൺസിൽ അംഗമായുള്ള കാലാവധി 2026 ൽ അവസാനിക്കുമെന്ന് അവരെ മുൻകൂട്ടി അറിയിക്കണം.

3. 2026 ൽ മണ്ഡ്യ രൂപതയിലെ എല്ലാ ഇടവകകളിലും ഒരേ സമയത്ത് പുതിയ പാരിഷ് കൗൺസിലുകൾ നിലവിൽ വരും.

4. വിവിധ ഫോറങ്ങളിലെ ഏറെ ചർച്ചകൾക്ക് ശേഷം മാർച്ച് മുതൽ ജൂൺ അവസാനം വരെയുള്ള ആഴ്ചകളിൽ ഇടവകകളിൽ അവരുടെ സൗകര്യമനുസരിച്ച് തിരഞ്ഞെടുപ്പുകൾ നടത്തണം.

5. 2026 ജൂലൈ 3 നോ അതിനുശേഷം വരുന്ന ഞായറാഴ്ചയോ പുതിയ പാരിഷ് കൗൺസിൽ ഉത്തരവാദിത്വം ഏറ്റെടുക്കണം.

6. അതിനോടകം പഴയ കൗൺസിൽ കണക്കുകൾ ഓഡിറ്റ് ചെയ്യുവാൻ സംവിധാനം ഉണ്ടാക്കണം. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചില്ലെങ്കിൽ പൊതുയോഗത്തിൽ കണക്കുകൾ പാസാക്കുവാൻ സംവിധാനം ചെയ്യണം.

7. ഇടവക വൈദികരിൽ ചിലർ അജപാലന മേഖലയിൽ പുതിയവരാണ്. തിരഞ്ഞെടുപ്പ് സംബന്ധിച്ച് എന്തെങ്കിലും ആശയക്കുഴപ്പങ്ങൾ ഉണ്ടാകുന്നപക്ഷം നിങ്ങൾക്ക് (അത്തരക്കാർക്ക്) പ്രോട്ടോസിഞ്ചലൂസച്ചനെ എപ്പോൾ വേണമെങ്കിലും

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

ബന്ധപ്പെടാവുന്നതാണ്. തിരഞ്ഞെടുപ്പിന് രഹസ്യ ബാലറ്റ് ഉപയോഗിക്കുന്നതാണ് ഏറ്റവും ഉചിതം. പള്ളിക്കമ്മിറ്റിയുടെ ചുമതലകളെക്കുറിച്ചും തിരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രസംഗത്തിലൂടെയോ വാട്സ്ആപ്പ് ഗ്രൂപ്പിൽ നിർദ്ദേശങ്ങൾ നൽകിയോ ഇടവക ജനങ്ങളെ ബോധവൽക്കരിക്കുന്നത് സുതാര്യമായി തിരഞ്ഞെടുപ്പ് നടത്താൻ സഹായിക്കും.

8. തിരഞ്ഞെടുപ്പിലൂടെ ഇടവകയിൽ അറിവും പരിചയവുമുള്ളവരോ, പുതിയ അംഗങ്ങളായി വന്നവരോ, സ്ത്രീകളോ, യുവജനങ്ങളോ ആയിട്ടുള്ളവർക്ക് ആവശ്യത്തിന് പ്രാതിനിധ്യം ലഭിച്ചില്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ മൂന്നിലൊന്ന് അംഗങ്ങളെ വികാരിയച്ചന് നോമിനേറ്റ് ചെയ്യാവുന്നതാണ്. ഇതിൽ ഉചിതമായ മാനദണ്ഡങ്ങൾ സ്വീകരിക്കുന്നത് ഇടവക ജനത്തിന് ഇടവക നേതൃത്വത്തിന്റെ സുതാര്യത ഉറപ്പുവരുത്തും. ഈ സംവിധാനം ഉപയോഗിക്കണമെന്ന് ഒരു നിർബന്ധവുമില്ല.

9. നിയമപ്രകാരം എല്ലാ പാരിഷ് കൗൺസിൽ അംഗങ്ങളുടേയും കൈക്കാരന്മാരുടേയും പേരുകൾ തിരഞ്ഞെടുപ്പ് കഴിഞ്ഞ് 10 ദിവസത്തിനുള്ളിൽ പ്രോട്ടോസിഞ്ചലൂസ് അച്ചന് രേഖാമൂലം നൽകി അംഗീകാരം വാങ്ങേണ്ടതാണ്. അപ്പോൾ മാത്രമേ ഈ തിരഞ്ഞെടുപ്പുകൾക്ക് നിയമസാധുത ഉണ്ടാവുകയുള്ളൂ.

10. വിവിധ കാരണങ്ങളാൽ പാരിഷ് കൗൺസിലുകൾ ഇല്ലാത്ത പള്ളികളിൽ കൈക്കാരന്മാരെ തിരഞ്ഞെടുത്തതിനുശേഷം ബഹുമാനപ്പെട്ട പ്രോട്ടോസിഞ്ചലൂസ് അച്ചനിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

11. തിരഞ്ഞെടുപ്പുകളെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ നിങ്ങൾ സമീപിക്കേണ്ടത് രൂപതയുടെ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെയാണ്. ആ ട്രിബൂണലിൻെറ പ്രസിഡണ്ട് ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പയ്യപ്പള്ളി CMI അച്ചനാണ്. അദ്ദേഹം ധർമ്മാരാമിലാണ് താമസിക്കുന്നത്. തിരഞ്ഞെടുപ്പ് നടന്ന് 7 ദിവസത്തിനകം പരാതി നൽകണം. 7 ദിവസം കഴിഞ്ഞാൽ ആ പരാതി സ്വീകരിക്കാൻ നിർവ്വാഹമുണ്ടാകുകയില്ല. സെബാസ്റ്റ്യൻ അച്ചന്റെ ഫോൺ നമ്പർ: 9739305328.

12. അടുത്തവർഷം പാസ്റ്ററൽ കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പും നടക്കുന്നതായിരിക്കും.

13. വിവിധ ഭക്ത സംഘടനകളും അൽമായ കൂട്ടായ്മകളും വ്യത്യസ്ത ഫോറങ്ങളും ഏകീകരണത്തിന്റെ ഭാഗമായി അടുത്ത വർഷം തിരഞ്ഞെടുപ്പ് നടത്താവുന്നതാണ്. പക്ഷേ അത് നിർബന്ധമുള്ള കാര്യമല്ല.

സ്നേഹത്തോടെ,

**സെബാസ്റ്റ്യൻ പിതാവ്**
മണ്ഡ്യ രൂപത മെത്രാൻ

*ഈ സർക്കുലർ 2025 മാർച്ച് 2 -ാം തീയതിക്കുള്ളിൽ നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കുകയും ബന്ധപ്പെട്ട ഫോറങ്ങളിൽ ഉചിതസമയത്ത് റിപ്പോർട്ട് ചെയ്യുകയും സോഷ്യൽ മീഡിയ വഴി എല്ലാവരേയും അറിയിക്കുകയും ചെയ്യുമല്ലോ.*